## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3265 | 16.12.2015-ൽ മറുപടിയ്ക്ക്

## രാജാരവിവർമ്മ സ്മാരക നിർമ്മാണം

**ചോദ്യം**

ശ്രീ.ബി.സത്യൻ

**ഉത്തരം**

കെ സി ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും, ഏതെല്ലാം തരത്തിലുള്ള നിർമ്മാണ രീതികളാണ് അവലംബിച്ചിട്ടുള്ളതെന്നും, എന്തെല്ലാമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ ;

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ 1,26,41,334/- രൂപ ചെലവഴിച്ചിട്ടുണ്ട്. രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി, സ്മൃതി മണ്ഡപം, ഓപ്പൺ എയർ തിയേറ്റർ, ഉദ്യാനം, ഗേറ്റ് വേ എന്നിവയാണ് ഇതേവരെ നിർമ്മിച്ചിട്ടുള്ളത്. ഉദ്യാനം മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിയുടെ മുഖ്യപുരസ്കാരങ്ങൾ ലഭിച്ച ശിൽപികൾ നിർമ്മിച്ച കോൺക്രീറ്റ് ശിൽപ്പങ്ങൾ ഉദ്യാനത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. രാജാരവിവർമ്മയുടെ വെങ്കല ഛായാശിൽപം സ്ഥാപിക്കുന്ന നിർമ്മാണ പണികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്

(ബി) ഇതിനായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) രാജാരവിവർമ്മ സ്മാരക നിലയത്തിനായി ഇതേവരെ കേന്ദ്രഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല

(സി) ഇതിനായി പുതിയതായി സംസ്ഥാന ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു

(സി) രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | തുകയാണെന്നും ഏത് പ്രവൃത്തിയ്ക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ ; | | ഉദ്യാനംമോടി പിടിപ്പിക്കൽ, ഛായാ ശിൽപം സ്ഥാപിക്കൽ, കൂടുതൽ കലാശേഖരം ഒരുക്കൽ, സംരക്ഷണ സൗകര്യം ഉണ്ടാക്കൽ എന്നീ പ്രവർത്തികൾക്കായാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ സ്ഥിരം നടപടി സ്വീകരിക്കുമോ? | (ഡി) | രാജാരവിവർമ്മ സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ